# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

Koorachundu village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com

***'ഭരണഭാഷ - മാതൃഭാഷ'***

നമ്പർ: എ $_{2}$.3646(2)/14 തിയ്യതി: 19/03/2015

പ്രേഷകൻ: ഗ്രാഹകൻ:

പ്രസിഡണ്ട്

ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി,
ധനകാര്യ വകുപ്പ്,
തിരുവനന്തപുരം.

സാർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ധനകാര്യ-പരിശോധനാ വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ തുടർനടപടികൾ അവസാനിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 09/07/2014 തീയ്യതിയിലെ നം. 53661/എ ബി/09/തസ്വഭവ നമ്പ്ര് കത്ത്.
2. ധനകാര്യ പരിശോധനാവിഭാഗം 24/08/2005 ൽ നടത്തിയ പരിശോധനാ റിപ്പോർട്ട്.
3. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആൻഡ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 04/12/2004 തീയ്യതിയിലെ നം. ഇ 12(എസ്‌സി.6/2004/കെകെഡി)-10659/2004 നമ്പ്ര് കത്ത്.
3. ഭരണസമിതിയുടെ 28/08/2014 തീയ്യതിയിലെ 146/14-15 നമ്പ്ര് തീരുമാനം.
4. ബഹു കേരളാ ഹൈക്കോടതിയിലെ ഡബ്ല്യു പി സി 10777/2010 നമ്പ്ര് കേസിലെ വിധിപ്പകർപ്പ്.
5. പേരാമ്പ്ര മുൻസിഫ് കോടതിയിലെ ഒ. എസ്. 216/2011 നമ്പ്ര് കേസിലെ വിധിപ്പകർപ്പ്.
6. ഭരണസമിതിയുടെ 07/03/2015 തീയ്യതിയിലെ 437/14-15 നമ്പ്ര് തീരുമാനം.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കക്കയം അമ്പലക്കുന്ന് ആദിവാസി കോളനിയിലും മണിച്ചേരിമല ആദിവാസി കോളനിയിലുമായി വീടൊന്നിന് 42,000/- രൂപ നിരക്കിൽ വീട്ടു നിർമ്മിച്ചു നല്കാനുള്ള ജില്ലാ പഞ്ചായത്തിന്റെ 2000-01 വാർഷിക പദ്ധതിയിലെ പ്രൊജക്ട് നിർവ്വഹണത്തിലെ വീഴ്ച സംബന്ധിച്ച് വിവിധ പരിശോധനാ വിഭാഗങ്ങൾ ഇതിനകം പല അന്വേഷണങ്ങളും പരിശോധനകളും നടത്തിക്കഴിഞ്ഞിട്ടുണ്ട്. അവയിൽ



A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527–പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com


*'ഭരണഭാഷ - മാതൃഭാഷ'*

ദീർഘനാളത്തെ അന്വേഷണങ്ങളും പരിശോധനകളും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥരിൽ നിന്നും വിഷയ വിദഗ്ധരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും പൊതുപ്രവർത്തകരിൽ നിന്നും തെളിവെടുപ്പുകൾ നടത്തി തയ്യാറാക്കിയ വിജിലൻസ് & ആന്റി കറപ്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ടും ഒറ്റ ദിവസം ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തി അതേദിവസം ആദിവാസി കോളനികൾ സന്ദർശിച്ച് തയ്യാറാക്കപ്പെട്ട ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുമാണ് പ്രധാനമായിട്ടുള്ളവ. ഈ രണ്ടു റിപ്പോർട്ടുകളിലെ കണ്ടെത്തലുകളിലും നിഗമനങ്ങളിലും നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങളിലും പ്രകടമായ വൈരുദ്ധ്യവും അന്തരവും നിലനില്ക്കുന്നു. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിന്റെ തുടർനടപടികളും ദിശാബോധമില്ലാതെ അനന്തമായി നീണ്ടു പോവുകയും വിവിധ വ്യവഹാരങ്ങളുടെ നടത്തിപ്പിനായി നല്ലൊരളവ് സമയവും ഫണ്ടും അദ്ധ്വാനവും വിനിയോഗിക്കപ്പെടുകയും, അതിനാൽത്തന്നെ സദുദ്ദേശ്യത്തോടുകൂടി ആരംഭിച്ച പ്രൊജക്ട് ഒരു ദശാബ്ദത്തിലേറെയായി സ്തംഭനാവസ്ഥയിൽ തുടരുകയുമാണ്. അതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് പൂർണ്ണതോതിൽ ഗുണഫലം ലഭ്യമാവാത്ത ദുരവസ്ഥ നിലനില്ക്കുന്നു.

മേല്പറഞ്ഞ പ്രൊജക്ട് പ്രകാരമുള്ള വീടുകളുടെ നിർമ്മാണത്തിന് രണ്ടു കോളനികളിലും ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ നിർദ്ദേശപ്രകാരം പ്രത്യേകം ഗുണഭോക്തൃസമിതികൾ രൂപീകരിക്കുകയും കക്കയം അമ്പലക്കുന്ന് കോളനിയിലെ എട്ടു വീടുകളുടെ നിർമ്മാണത്തിനുള്ള ഗുണഭോക്തൃസമിതിയുടെ ചെയർമാനായി ശ്രീ ആൻഡ്രൂസ് കട്ടിക്കാനയും കൺവീനർ അവയിലൊരു വീടിന്റെ ഗുണഭോക്താവായ വേലായുധനും, മണിച്ചേരിമല കോളനിയിലെ ആറു വീടുകളുടെ ഗുണഭോക്തൃസമിതിയുടെ ചെയർമാനായി ശ്രീ ജോസ് എട്ടിയിലും, കൺവീനർ ടി കോളനിയിലെ ഗുണഭോക്താവായ ശ്രീ ദാമോദരനുമാണ്. അതാത് ഗുണഭോക്തൃസമിതികൾ തെരഞ്ഞെടുത്തത് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ ഗുണഭോക്തൃസമിതികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ഉടമ്പടി ഒപ്പിടുന്നതിന് മുന്നോടിയായി ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ വീഴ്ചകൾ സംഭവിച്ചാൽ ഗുണഭോക്തൃസമിതിയിലെ ഓരോ അംഗവും വ്യക്തിപരമായും കൂട്ടായും ബാദ്ധ്യസ്ഥരായിരിക്കുന്നതാണെന്ന കൂട്ടുത്തരവാദിത്തമേറ്റെടുത്ത കൊണ്ടുള്ള ഉടമ്പടിയും ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിന് ഗഡുക്കളായി തുക അനുവദിച്ചിട്ടുള്ളത് നിയമാനുസൃതം ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ബാങ്കിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിലൂടെ മാറ്റാവുന്ന ചെക്കായിട്ടാണ്. ഓരോ നിർമ്മാണഘട്ടവും പൂർത്തിയായ ശേഷം പരിശോധനകൾക്കും പഞ്ചായത്ത് തീരുമാനങ്ങൾ പ്രകാരവുമാണ് അടുത്ത ഘട്ടത്തിന്റെ നിർമ്മാണത്തിനുള്ള അഡ്വാൻസ് തുക അനുവദിച്ചിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിട്ടുള്ള 2002 വർഷത്തിൽ അനുവദിക്കപ്പെട്ട ചെക്ക് പ്രകാരമുള്ള തുക ട്രഷറി നിയന്ത്രണം കാരണം മാസങ്ങൾ കഴിഞ്ഞാണ് ഗുണഭോക്തൃസമിതിയുടെ അക്കൗണ്ടിൽ വരവായി വന്നിട്ടുള്ളത്. പദ്ധതി നടപ്പാക്കേണ്ടിയിരുന്ന കോളനി പ്രദേശത്തേക്കുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയോ നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിനുള്ള പ്രയാസങ്ങളോ 2003-04 ൽ സർക്കാർ വീടുകൾക്കുള്ള



A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.

സബ്സിഡി നിരക്ക് 70,000/- രൂപയായി വർദ്ധിപ്പിക്കപ്പെട്ടുകയുണ്ടായെങ്കിലും ഈ വീടുകൾക്ക് ടി നിരക്ക് ബാധകമാക്കാൻ തയ്യാറായില്ലെന്ന വസ്തുതയോ മേൽ റിപ്പോർട്ടുകളിൽ പരിഗണിക്കപ്പെട്ടിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നനുവദിച്ച 5,88,000/- രൂപയിൽ ഗുണഭോക്തൃസമിതികൾക്ക് ഗഡുക്കളായി അനുവദിച്ച മൊത്തം 3,89,400/- (66.22%) കഴിച്ച് ബാക്കി ഘട്ടം ഗഡുക്കളായി നല്കാൻ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ പി ഡി അക്കൗണ്ടിൽ ട്രഷറിയിൽ സൂക്ഷിച്ച 1,98,600/- രൂപ (33.78%) ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ പി ഡി അക്കൗണ്ടുകൾ നിർത്തലാക്കി ബിൽ സമ്പ്രദായം ആരംഭിച്ചപ്പോൾ പ്ലാൻ പി ഡി അക്കൗണ്ടിൽ നിന്നും മറ്റു ഫണ്ടുകളോടൊപ്പം സർക്കാർ തിരിച്ചെടുത്തതാണെന്നും അതിനു പകരം ഫണ്ട് പിന്നീടൊരിക്കലും ഗ്രാമപഞ്ചായത്തോ ജില്ലാ പഞ്ചായത്തോ വകയിരുത്തിക്കൊടുക്കുകയോ ചെയ്തിട്ടില്ലെന്നും അപ്രകാരം ഫണ്ട് വകയിരുത്താതെ പ്രൊജക്ട് പൂർത്തീകരിക്കാൻ ഗുണഭോക്തൃസമിതിക്ക് സാധിക്കുകയോ പഞ്ചായത്തിന് അപ്രകാരം ആവശ്യപ്പെടാൻ സാധ്യമാകുന്നതോ അല്ലെന്നുമുള്ള യഥാർത്ഥ വസ്തുതകൾ കൂടി മേല്പറഞ്ഞ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ടിട്ടില്ലെന്നുള്ളത് ശ്രദ്ധേയമാണ്.

ആദിവാസി ജനങ്ങളുമായി അടുത്ത ബന്ധമുള്ള പൊതുപ്രവർത്തകർ എന്ന നിലയിലാണ് ശ്രീ ആൻഡ്രൂസ് കട്ടിക്കാനയും ശ്രീ ജോസ് എട്ടിയിലും ഗ്രാമപഞ്ചായത്തിന്റെ നിർബ്ബന്ധത്തിനും പ്രേരണയ്ക്കും വഴങ്ങി ഗുണഭോക്തൃസമിതി ചെയർമാൻമാരാകാൻ തയ്യാറായത്. സദുദ്ദേശത്തോടു കൂടിത്തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായെങ്കിലും വീടൊന്നിന് നാല്പത്തിരണ്ടായിരം രൂപയ്ക്ക് ഗതാഗത സൗകര്യങ്ങളില്ലാത്ത ഉയർന്ന മലമുകളിൽ നിർമ്മാണസാമഗ്രികൾ എത്തിച്ച് വീട്ട് പൂർത്തീകരിക്കാൻ സാദ്ധ്യമാകാത്ത സാഹചര്യം വന്നുചേർന്നതാണ് യഥാസമയം വീട്ട് പൂർത്തിയാക്കാൻ തടസ്സമായിത്തീർന്നത്. ഇത് വ്യക്തിവിദ്വേഷവും കക്ഷിരാഷ്ട്രീയവൈരവും കാരണം അടിസ്ഥാനരഹിതമായ ആരോപണങ്ങളിലേക്കും അന്വേഷണപരമ്പരകളിലേക്കും വിവിധ വ്യവഹാരങ്ങളിലേക്കും നയിക്കപ്പെട്ടുകയും, ആദിവാസി വീടുകളുടെ പൂർത്തീകരണം സ്തംഭനാവസ്ഥയിലാവുന്നതിനും കാരണമാവുകയും ചെയ്യുകയാണുണ്ടായത്. ഈ യാഥാർത്ഥ്യം നേരിട്ടറിയാവുന്നതു കൊണ്ട് തന്നെയാണ്, മാറിമാറി വന്ന ഭരണസമിതികൾ ഗുണഭോക്തൃസമിതി ചെയർമാന്മാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനുള്ള നടപടിയെ അനുകൂലിക്കാത്ത നിലപാടുകൾ കൈക്കൊള്ളാനിടയായിട്ടുള്ളത് എന്ന വസ്തുത ബോധിപ്പിക്കുന്നു.

ധനകാര്യ പരിശോധനാവിഭാഗം നടത്തിയ മൂല്യനിർണ്ണയത്തിനെതിരെയും അതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചു പിടിക്കുന്നതിനെയും ചെയർമാൻ ശ്രീ ജോസ് എട്ടിയിൽ പേരാമ്പ്ര മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ എസ് 216/2011 കേസ് 31/03/2014 ന് തീർപ്പാക്കിയ വിധിയിൽ ടിയാനിൽ നിന്നും ധനകാര്യ പരിശോധനാ വിഭാഗം നിർദ്ദേശിച്ച പ്രകാരം തുക റിക്കവറി നടത്താനുള്ള നടപടികളെ സ്ഥിരം നിരോധന ഇഞ്ചങ്ഷനിലൂടെ തടഞ്ഞിരിക്കുകയാണ്. ബഹു. മുൻസിഫ് കോടതി അഡ്വക്കറ്റ് കമ്മീഷനെയും പി ഡബ്ല്യു ഡി വിഭാഗം എഞ്ചിനീയർമാരെയും ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 2500 അടി ഉയരത്തിലുള്ളതും ഗതാഗത

# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

Koorachundu village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com




സൗകര്യങ്ങളില്ലാത്തതുമായ മണിച്ചേരിമലയിൽ ആറു വീടുകളിൽ മൂന്ന് വീടുകൾ പൂർത്തിയാക്കിയത് ബോദ്ധ്യപ്പെട്ടുകയും പിഡബ്ല്യു ഡി എഞ്ചിനീയർ നല്കിയ മൂല്യനിർണ്ണയത്തിൽ തൃപ്തി വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളത് എന്ന് ബോധിപ്പിക്കുന്നു (വിധിപ്പകർപ്പ് ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു).

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം റവന്യൂ റിക്കവറി നടത്തുന്നതിന് കക്കയം ആദിവാസി കോളനി ഗുണഭോക്തൃ കമ്മറ്റി ചെയർമാൻ ശ്രീ ആൻഡ്രൂസ് കട്ടിക്കാന ബഹു: കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു പി സി 10777/2010 നമ്പ്ര് കേസിന്മേലുള്ള 08/10/2012 ലെ വിധിയിൽ ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വന്നത് ടിയാന്റെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാലാണെന്ന് ബഹു. ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തുകയും റവന്യൂ റിക്കവറി നടപടികൾ തള്ളിക്കളയുകയും ചെയ്തിട്ടുള്ളതാണ് (വിധിപ്പകർപ്പ് ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു).

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ മതിയായ ഗതാഗത സൗകര്യങ്ങളില്ലാത്ത ഏറ്റവും ഉയർന്ന മലമുകളിലെ മേല്പറഞ്ഞ ആദിവാസി കോളനികളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുണ്ടായ ഭാരിച്ച ചെലവുകൾ കാരണം വീടൊന്നിന് 42000/- രൂപയ്ക്ക് ഭവനനിർമ്മാണം അസാദ്ധ്യമായ സാഹചര്യത്തിലാണ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്ന പ്രായോഗിക യാഥാർത്ഥ്യം ബോദ്ധ്യപ്പെടണമെന്നും അന്നത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിർബ്ബന്ധത്തിനും പ്രേരണയ്ക്കും വഴങ്ങി ഗുണഭോക്തൃസമിതി ചെയർമാന്മാരായ ശ്രീ ആൻഡ്രൂസ് കട്ടിക്കാനയും ശ്രീ ജോസ് എട്ടിയിലും ദുരുദ്ദേശത്തോടു കൂടി പ്രവർത്തിച്ചിട്ടില്ലെന്നും അവരുടെ നിയന്ത്രണങ്ങൾക്കതീതമായ മേൽക്കാരണങ്ങളാലാണ് ഭവനപദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്നും ബോധിപ്പിക്കുന്നു. ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണ വേളയിൽ എതിർ കക്ഷികളായ ഇവരെക്കൂടി കേട്ടിരുന്നുവെങ്കിൽ മേൽ വസ്തുതകൾ ബോദ്ധ്യപ്പെടുമായിരുന്നെന്നും യഥാർത്ഥ വസ്തുതകൾ ഉൾക്കൊണ്ടു കൊണ്ട് നീതിപൂർവ്വകമായ പരിഹാര നിർദ്ദേശങ്ങൾ ശുപാർശ ചെയ്യപ്പെടാനും അനാവശ്യമായ വ്യവഹാരങ്ങൾ ഒഴിവാക്കപ്പെടുന്നതിനും ഭവനനിർമ്മാണ പദ്ധതിയിലെ തടസ്സങ്ങൾ പരിഹരിച്ച് യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് സാധിക്കുമായിരുന്നുവെന്നുമുള്ള വസ്തുത ബോധിപ്പിക്കുന്നു. ശ്രീ ജോസ് എട്ടിയിൽ ചെയർമാനായ ഗുണഭോക്തൃസമിതി ഏറ്റെടുത്ത ആറു വീടുകളിൽ മൂന്നെണ്ണം പൂർത്തിയാക്കിയതായും ശ്രീ ആൻഡ്രൂസ് കട്ടിക്കാന ഏറ്റെടുത്ത എട്ടു വീടുകളിൽ നാലെണ്ണം മേൽക്കൂര കോൺക്രീറ്റ് വരെയുള്ള പ്രവൃത്തി നടത്തി ഭാഗികമായി പൂർത്തീകരിക്കുകയും ടി വീടുകളിൽ ഗുണഭോക്തൃ കുടുംബങ്ങൾ പൂർത്തിയായ കാലം മുതൽ താമസിച്ചു വരുന്നതായും ബോധിപ്പിക്കുകയും ബാക്കി വീടുകൾ മേൽക്കാരണങ്ങളാൽ ഏതാണ്ട് 11 വർഷങ്ങൾക്ക് മുമ്പ് വിവിധ ഘട്ടങ്ങളിൽ നിർത്തി വച്ച അവസ്ഥയിൽ തുടരുകയുമാണ്.

മേൽ ബോധിപ്പിച്ച യഥാർത്ഥ വസ്തുതകളുടെ വെളിച്ചത്തിൽ ധനകാര്യ പരിശോധനാ




A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.

# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

Koorachundu village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, കൂരാച്ചുണ്ട് പി ഒ, 673527-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Koorachundu P. O., 673527-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2660246, +91 496 2244315 ഇ-മെയിൽ/e-mail: seckdu@gmail.com


*'ഭരണഭാഷ - മാതൃഭാഷ'*

വിഭാഗത്തിന്റെ അശാസ്ത്രീയമായതും നിയമപിൻബലമില്ലാത്തതുമായ ഏതാണ്ടുള്ള മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ഒന്നാം ശുപാർശയായ ശ്രീ ആൻഡ്രൂസ് കട്ടിക്കാന, ശ്രീ ജോസ് എട്ടിയിൽ എന്നിവർക്കെതിരെ ആദിവാസി ചൂഷണത്തിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നീതീകരിക്കാവുന്നതായി കരുതുന്നില്ലെന്നും ആയതിനാൽ അത്തരം നടപടിയുമായി മുന്നോട്ട് പോവുന്നതിന് ഗ്രാമപഞ്ചായത്തിനെ നിർബ്ബന്ധിക്കുന്നത് ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. അതിന് പകരം, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറും എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറും ശുപാർശ ചെയ്തതു പ്രകാരം ഗുണഭോക്തൃ സമിതികൾ പൂർത്തിയാക്കിയ പ്രവൃത്തികളുടെ മൂല്യനിർണ്ണയം എഞ്ചിനീയറിങ് വിഭാഗത്തെക്കൊണ്ട് നടത്തിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ചെയർമാന്മാർ കൈപ്പറ്റിയ അഡ്വാൻസ് തുകയിൽ ബാക്കിയുണ്ടെങ്കിൽ ആയത് പലിശ സഹിതം തിരിച്ചു പിടിക്കാനും, നിലവിലുള്ള ഉടമ്പടി അവസാനിപ്പിച്ച് ഭവനനിർമ്മാണ പദ്ധതി പുതിയ പ്രൊജക്റ്റ് പ്രകാരം പൂർത്തിയാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം നിയമസഭയുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് അക്കൗണ്ട്സ് കമ്മിറ്റി അതിന്റെ 04/09/2014 തീയ്യതിയിലെ യോഗം അംഗീകരിച്ച് കഴിഞ്ഞതാണ്. ആയതു പ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ അനുമതി നല്കി ഉത്തരവുണ്ടാകണമെന്ന് സവിനയം അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

പ്രസിഡണ്ട്,
കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്.

ഉള്ളടക്കം:

1. ധനകാര്യ പരിശോധനാവിഭാഗം 24/08/2005 ൽ നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ്.
2. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആൻഡ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 04/12/2004 തീയ്യതിയിലെ നം. ഇ 12(എസ്സി.6/2004/കെകെഡി)-10659/2004 നമ്പ്ര് കത്തിന്റെ പകർപ്പ്.
3. ഭരണസമിതിയുടെ 28/08/2014 തീയ്യതിയിലെ 146/14-15 നമ്പ്ര് തീരുമാനത്തിന്റെ പകർപ്പ്.
4. ബഹു കേരളാ ഹൈക്കോടതിയിലെ ഡബ്ല്യു പി സി 10777/2010 നമ്പ്ര് കേസിലെ വിധിപ്പകർപ്പ്.
5. പേരാമ്പ്ര മുൻസിഫ് കോടതിയിലെ ഒ. എസ്. 216/2011 നമ്പ്ര് കേസിലെ വിധിപ്പകർപ്പ്.
6. ഭരണസമിതിയുടെ 07/03/2015 തീയ്യതിയിലെ 437/14-15 നമ്പ്ര് തീരുമാനത്തിന്റെ പകർപ്പ്.

പകർപ്പ്:

1. ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.



A constitutional body, established under the provisions of articles 243 to 243O of the Constitution of the Republic of India.